പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: T. 2864

12.10..2011 ൽ
മറുപടിക്ക്

സി-ഡിറ്റിലെ നിയമനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ.എം. ആരിഫ് | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി-ഡിറ്റിൽ എത്ര നിയമനങ്ങൾനടത്തിയെന്നു വ്യക്തമാക്കുമോ; | എ) & ബി) | സിഡിറ്റിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് നിയമനങ്ങളുമായി ബന്ധപ്പെട്ട് ചില താൽക്കാലിക ക്രമീകരണങ്ങൾ താഴെ പറയും പ്രകാരം നടത്തിയിട്ടുണ്ട്.<br><br>1)കരാർ വ്യവസ്ഥയിൽ ജോലി ചെയ്തുവരവെ സസ്പെൻഷനിലായ ഒരു ജീവനക്കാരനെ കരാർ കാലാവധിക്കുശേഷം അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരാർ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ട്.<br><br>2)പുതിയ ഫുൾടൈം ഡയറക്ടർ ചുമതലയേറ്റ സാഹചര്യത്തിൽ ഡയറക്ടറുടെ ഓഫീസിലെ കാര്യകൃത്യനിർവഹണത്തിനായി ഒരാളെ താൽക്കാലികമായി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ട്രെയിനിയായി നിയോഗിക്കുകയുണ്ടായി.<br><br>3)സിഡിറ്റിൽ സർവീസിലിരുന്ന് മരണപ്പെട്ട ശ്രീ. സി.കെ. ഗണേശന്റെ മകൻ ശ്രീ. വിനീഷിനെ സമാശ്വാസ പദ്ധതിപ്രകാരം തൽക്കാലം ദിവസക്കൂലിയിനത്തിൽ, ഭാവിയിൽ യാതൊരു അവകാശവും ഉന്നയിക്കാൻ പാടില്ലെന്ന വ്യവസ്ഥയിൽ ഹെൽപ്പറായി നിയോഗിച്ചിട്ടുണ്ട്.<br><br>4)സിഡിറ്റിലെ കമ്മ്യൂണിക്കേഷൻ ട്രെയിനിംഗ് ടീമിന്റെ വിവിധ കോഴ്സുകളുടെ സുഗമമായ നടത്തിപ്പിനായി സർക്കാരിൽ നിന്ന് വിരമിച്ച ഒരാളെ കൺസൾട്ടന്റ് ആയി താൽക്കാലികമായി നിയോഗിച്ചിട്ടുണ്ട്. |
| ബി) | നിയമനത്തിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്? | | |

സെക്ഷൻ ഓഫീസർ